## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 3626

17/10/2011 ൽ മറുപടിയ്ക്ക്

### ആയുർവേദ കോളേജുകളിലെ ബിരുദ --ബിരുദാനന്തര പഠന സീറ്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ് (ബഹു.ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ആയുർവേദ കോളേജുകളിലെ ബിരുദ - ബിരുദാനന്തര പഠനസീറ്റുകൾ കേന്ദ്ര കൗൺസിൽ വെട്ടിക്കുറച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) തിരുവനന്തപുരം ആയുർവേദ കോളേജിൽ ബി.എ.എം.എസ്. സീറ്റ് 70 ൽ നിന്ന് 50 സീറ്റായും, എം.ഡി.(ആയു.) സീറ്റ് 63 ൽ നിന്നും 59 ആയും കോട്ടക്കൽ ആയുർവേദ കോളേജിലെ എം.ഡി.സീറ്റ് 22 ൽ നിന്ന് 6 ആയും കുറച്ചു. |
| (സി) പ്രസ്തുത സീറ്റുകൾ വെട്ടിക്കുറയ്ക്കുവാനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) സി.സി.ഐ.എം. കോളേജുകളിൽ പരിശോധന നടത്തുകയും സി.സി.ഐ.എം അനുശാസിക്കുന്ന യോഗ്യതയുള്ള അദ്ധ്യാപകരുടെ അഭാവമുണ്ടെന്ന റിപ്പോർട്ട് നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ ആയുഷ് വകുപ്പാണ് സീറ്റുകൾ കുറച്ചത്. |
| (ഡി) കേന്ദ്ര കൗൺസിൽ വെട്ടിക്കുറച്ച മുഴുവൻ സീറ്റുകളും പുനഃസ്ഥാപിച്ചു കിട്ടുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) കേന്ദ്രസർക്കാർ വെട്ടിക്കുറച്ച സീറ്റുകളിൽ മുഴുവനും അഡ്മിഷൻ നടത്തുന്നതിന് സംസ്ഥാന സർക്കാർ എൻട്രൻസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സി.സി.ഐ.എ ചൂണ്ടിക്കാണിച്ചിട്ടുള്ള കുറവുകൾ പരിഹരിക്കുന്നതിലേയ്ക്ക് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിവരം ആയുഷ് വകുപ്പിനെയും സി.സി.ഐ.എം നേയും അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ